കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് - പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ പദ്ധതി - സബ്സിഡി നോംസിൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം.948/12/തസ്വഭവ തിരുവനന്തപുരം,തീയതി.29.03.2012

---

പരാമർശം:-1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.03.12-ലെ സി5-05/12 നമ്പർ കത്ത്.

2. 20.03.12-ലെ ഐ(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2011-12 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ പദ്ധതിയ്ക്ക് (പ്രോജക്ട് നമ്പർ 11/12, 201/12)ഒരു കുടുംബത്തിനു പരമാവധി 4500/- രൂപയായി പരിമിതപ്പെടുത്തികൊണ്ട് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. ഒരു കുടുംബത്തിന് 4500/- രൂപ എന്നത് ഒരു കുടുംബത്തിന് 7831/- രൂപയായി വർദ്ധിപ്പിക്കുവാൻ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1)-ലെ കത്ത് പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ പദ്ധതി(പ്രോജക്ട് നമ്പർ 11/12, 201/12)കൾക്ക് സബ്സിഡി നോംസിൽ ഇളവ് വരുത്തി ഒരു കുടുംബത്തിന് 7831/- രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ജില്ലാ ആസൂത്രണ സമിതി, ആലപ്പുഴ

ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ